പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7663 15-07-14 – ൽ
മറുപടിനൽകിയത്

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം സഹകരണ വകുപ്പിന് നൽകിയ തുക**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ശശി:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | സഹകരണസംഘങ്ങൾ വഴി എടുത്ത കടം എഴുതിത്തള്ളാൻ മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത വകയിൽ സഹകരണ വകുപ്പിന് ഏതെല്ലാം തീയതികളിൽ എത്ര തുക നൽകിയെന്ന് വെളിപ്പെടുത്തുമോ; | എ) | മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻ കീഴിൽ സഹകരണ സംഘങ്ങളുടെ വിഹിതമായി **113,57,68,816/-** രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു. |

| **തീയതി** | **തുക** |
|---|---|
| **4/7/2011** | **44,37,96,234** |
| **3/4/2012** | **43,22,20,924** |
| **28/5/2012** | **6,48,00,000** |
| **28/2/2014** | **8,85,61,330** |
| **24/2/2014** | **8,10,11,318** |
| **28/2/2014** | **2,53,79,010** |
| **ആകെ** | **113,57,68,816** |

| | | | |
|---|---|---|---|
| ബി) | സഹകരണ വകുപ്പിന് നൽകിയ തുകയുടെ അടിസ്ഥാനത്തിൽ എത്ര തൊഴിലാളികളുടെ കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകിയെന്ന് പറയാമോ; ഇനിയും കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകാനുള്ള എത്ര കേസ്സുകൾ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | ബി) | കടാശ്വാസമായി സഹകരണ സംഘങ്ങൾക്ക് /ബാങ്കുകൾക്ക് ലഭ്യമാകേണ്ട തുക ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ മത്സ്യത്തൊഴിലാളികൾ നൽകിയ രേഖകൾ/ പ്രമാണങ്ങൾ ബന്ധപ്പെട്ടവർക്ക് ഒരു മാസത്തിനകം തിരികെ നൽകേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർക്ക് ഫിഷറീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശത്തിന് എതിരെ സംസ്ഥാനത്തെ പല സഹകരണ സംഘങ്ങളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ |

| | | | ചെയ്യുകയും സർക്കാരിനും സഹകരണ സംഘം രജിസ്ട്രാർക്കും നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആധാരം മടക്കി നൽകിയത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. |
|---|---|---|---|

| ജില്ല | കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകിയത് | കടംതീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകാനുള്ളത് |
|---|---|---|
| തിരുവനന്തപുരം | 413 | 463 |
| കൊല്ലം | 2257 | 4258 |
| പത്തനംതിട്ട | 31 | 2 |
| ആലപ്പുഴ | 2425 | 1232 |
| കോട്ടയം | 1026 | 126 |
| ഇടുക്കി | 8 | - |
| എറണാകുളം | 2928 | 489 |
| തൃശ്ശൂർ | 909 | 45 |
| പാലക്കാട് | 15 | 1 |
| മലപ്പുറം | 1983 | 237 |
| കോഴിക്കോട് | 1138 | 159 |
| വയനാട് | കമ്മീഷൻ ശുപാർശയിൽ ഉൾപ്പെട്ടിട്ടില്ല. | |
| കണ്ണൂർ | 448 | 27 |
| കാസർഗോഡ് | 1300 | 70 |
| **ആകെ** | **14881** | **7109** |

Jayasree

**സെക്ഷൻ ഓഫീസർ**